പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1868 | 11.02.2013 ൽ മറുപടിയ്ക്ക് |
|---|---|

മാതൃകാ അംഗനവാടിയുടെ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. സത്യൻ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പു മന്ത്രി) |
| (എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ നഗരൂർ ഗ്രാമപഞ്ചായത്തിന് അനുവദിച്ച മാതൃകാ അംഗനവാടി നിർമ്മാണം ആരംഭിക്കുവാൻ എന്തെങ്കിലും നിയമതടസ്സമുണ്ടോ ; വ്യക്തമാക്കുമോ ; | (എ) ഇക്കാര്യത്തിൽ നിയമതടസ്സം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഇല്ലെങ്കിൽ ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നാരംഭിക്കുമെന്നും എന്നത്തേക്ക് പൂർത്തിയാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ ; | (ബി) അനുവദിക്കപ്പെട്ട മാതൃകാ അംഗൻവാടികളുടെ കെട്ടിട നിർമ്മാണത്തിന്റെ പ്രവർത്തനങ്ങൾ അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തിയാക്കുന്ന തീയതി ക്ലിപ്തപ്പെടുത്തിയിട്ടില്ല. |
| (സി) ഇതിന്റെ നിർമ്മാണ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുന്ന ഏജൻസി ഏതാണ് ; | (സി) കിറ്റ്കോ ലിമിറ്റഡ്, എന്ന സ്ഥാപനത്തിനെയാണ് നിർമ്മാണ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നത്. |
| (ഡി) പ്രസ്തുത ഏജൻസിയുമായി എഗ്രിമെന്റ് വച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ? | (ഡി) കിറ്റ്കോ എന്ന സ്ഥാപനവുമായി എഗ്രിമെന്റ് വച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ